"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കൃഷി വകുപ്പ് - തൃശ്ശൂർ ജില്ലയിൽ കർഷകമിത്രമായി കേരള സംസ്ഥാന കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് നിയോഗിച്ച കാലയളവിലെ ടി.എ കുടിശ്ശിക കർഷകമിത്രകൾക്ക് അനുവദിക്കുന്നത് - തുക ചെലവഴിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (എൻ.സി.എ) വകുപ്പ്**

**സ.ഉ.(സാധാ) നം.870/2023/AGRI തീയതി,തിരുവനന്തപുരം, 07-09-2023**

---

പരാമർശം:- 1. ഡബ്ല്യൂ.പി(സി) നം.3951/2023-ന്മേലുള്ള ബഹു.ഹൈക്കോടതിയുടെ 10.04.2023-ലെ വിധിന്യായം.

2. 21.06.2023-ലെ സ.ഉ(സാധാ) നം.602/2023/കൃഷി നമ്പർ സർക്കാർ ഉത്തരവ്.

3. കൃഷി വകുപ്പ് ഡയറക്ടറുടെ 22.08.2023-ലെ ADFW/7752/2023-TM1 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തൃശ്ശൂർ ജില്ലയിൽ കർഷകമിത്രകളായി സേവനമനുഷ്ഠിച്ചിരുന്നവർ ട്രാൻസ്പോർട്ടെഷൻ അലവൻസ് ഇനത്തിൽ തുക ലഭിക്കാനുണ്ടെന്ന് പരാതിപ്പെട്ട് ഫയൽ ചെയ്ത ഡബ്ല്യൂ.പി(സി) നം.3951/2023-ന്മേലുള്ള ബഹു. ഹൈക്കോടതിയുടെ പരാമർശം (1) വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ 73,59,852/-രൂപ കർഷകമിത്രകൾക്ക് നൽകുന്നതിനായി തൃശ്ശൂർ പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ അക്കൗണ്ടിൽ കർഷകമിത്രകൾ തിരിച്ചടച്ച റിവോൾവിംഗ് ഫണ്ട് ഇനത്തിൽ ലഭ്യമായ തുക കർഷകമിത്രകൾക്ക് നൽകുന്നതിനുള്ള അനുമതിയും, അധികമായി വേണ്ടി വരുന്ന തുക കർഷകമിത്രകൾക്ക് നടപ്പ് സാമ്പത്തിക വർഷത്തിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്ന് ചെലവഴിക്കുന്നതിനുള്ള അനുമതിയും നൽകണമെന്ന് പരാമർശം (3) പ്രകാരം കൃഷി വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) വിധിന്യായം യഥാസമയം നടപ്പാക്കാത്തതിനാൽ കോടതിയലക്ഷ്യം ആയി മാറിയിട്ടുള്ള സാഹചര്യത്തിൽ കൃഷി ഡയറക്ടറുടെ ശിപാർശ പരിഗണിച്ച് തൃശ്ശൂർ പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ അക്കൗണ്ടിൽ കർഷകമിത്രകൾ തിരിച്ചടച്ച റിവോൾവിംഗ് ഫണ്ട് ഇനത്തിൽ ലഭ്യമായ തുക കർഷകമിത്രകൾക്ക് നൽകുന്നതിനുള്ള അനുമതിയും, അധികമായി വേണ്ടി വരുന്ന തുക കർഷകമിത്രകൾക്ക് നടപ്പ് സാമ്പത്തിക വർഷത്തിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്ന്

ചെലവഴിക്കുന്നതിനുള്ള അനുമതിയും നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

എസ് സാബിർ ഹുസൈൻ

അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, കാർഷികവികസന കർഷകക്ഷേമ വകുപ്പ്, തിരുവനന്തപുരം

പ്രിൻസിപ്പൽ കൃഷി ഓഫീസർ, തൃശ്ശൂർ.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

ധനകാര്യ വകുപ്പ്.

കൃഷി (ഡബ്ല്യൂ.ടി.ഒ സെൽ) വകുപ്പ്.

കരുതൽ ഫയൽ/ഓഫീസ് പകർപ്പ് [ഫയൽ നം.AGRI-NCA3/337/2022-AGRI]

ഉത്തരവിൻ പ്രകാരം

Signed by

Archana.b.p

Date: 07-09-2023 14:11:12

സെക്ഷൻ ഓഫീസർ